# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3053** **19.06.2018 ൽ മറുപടിയ്ക്ക്**

## നാടൻ പച്ചക്കറികൾക്ക് വിപണി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത നേടാൻ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ;

എ) സംസ്ഥാനം പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയുടെ പാതയിലാണ്. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷിയ്ക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷി യുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷം കൊണ്ട് പച്ചക്കറിയുടെ ഉൽപ്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 10.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി
2. അർബൻ ക്ലസ്റ്റർ പ്രോത്സാഹനവും, മാലിന്യ സംസ്കരണവും.
3. ജില്ലാതല ക്ലസ്റ്റർ പ്രോത്സാഹനം
4. മഴമറ
5. സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി

6. സൂക്ഷ്മ ജലസേചനം
7. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം
8. പരമ്പരാഗത വിത്തിനങ്ങളുടെ ഉത്പാദനവും പ്രചരണവും
9. പോഷകത്തോട്ടങ്ങളുടെ പ്രോത്സാഹനം.
10. അഗ്രോ സർവ്വീസ് സെന്ററുകൾ വഴി പരമ്പരാഗത പച്ചക്കറി ഇനങ്ങൾ മറ്റു തൈകൾ എന്നിവ ഉത്പാദിപ്പിക്കുന്ന പദ്ധതി.
11. മിനി പോളീഹൗസ്
12. ഊർജ്ജരഹിത ശീതീകരണ യൂണിറ്റുകൾ (സീറോ എനർജി കൂൾ ചേമ്പർ)
13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
14. കൃഷിയിടങ്ങളിൽ ബയോകൺട്രോൾ ഏജന്റ് നിർമ്മാണം
15. നഴ്സറി
16. സൂപ്പർ ക്ലസ്റ്റർ
17. ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം

| | | | |
|---|---|---|---|
| ബി) | കഴിഞ്ഞ വർഷം നടപ്പിലാക്കിയ ഓണത്തിന് ഒരു മുറം പച്ചക്കറി പോലെയുള്ള പദ്ധതികൾ കൂടുതൽ വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഉണ്ട്. ഈ വർഷവും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 1 കോടി പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കും വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയിട്ടുണ്ട്. ഇതിനകം 90 ലക്ഷം പായ്ക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| സി) | നാടൻ പച്ചക്കറികൾ ആവശ്യത്തിലധികം ഉല്പാദിപ്പിക്കുന്നവർക്ക് വില്പന നടത്താൻ വേണ്ട വിപണി കൃഷി വകുപ്പ് ഇടപെട്ട് ഒരുക്കുമോ; വിശദമാക്കാമോ? | സി) | ആവശ്യത്തിലധികം ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കൃഷി ഭവനുകൾ മുഖേന നടത്തുന്ന ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ എന്നിവ മുഖാന്തിരം വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**